## സേനാപതി ഗ്രാമപഞ്ചായത്ത്

# 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ്

**അവതരണം :- ശ്രീമതി. അനിത ഷാജി**

**(വൈസ് പ്രസിഡൻറ് സേനാപതി ഗ്രാമപഞ്ചായത്ത്)**

**സ്ഥലം:- സേനാപതി ഗ്രാമപഞ്ചായത്ത്**

**കോൺഫറൻസ് ഹാൾ**

**തീയതി:- 07/03/2026 രാവിലെ 11 മണി**

തദ്ദേശസ്വയംഭരണ വകുപ്പ്

# ഭരണസമിതി



അജയകുമാർ പി.എസ്.
സെക്രട്ടറി



അരുൺ അശോകൻ
പ്രസിഡന്റ്




അനിത ഷാജി
വൈസ് പ്രസിഡന്റ്



സണ്ണി ചാക്കോ
വികസന സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർമാൻ



റെജി ഷാജി
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



കെ.പി. സുരേഷ്
ആരോഗ്യ വിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



നീതുമോൾ പി.ഡി.
മെമ്പർ വാർഡ് 5



പി.പി. എൽദോസ്
മെമ്പർ വാർഡ് 6



തുളസി ബാബു
മെമ്പർ വാർഡ് 7



സിന്ധു സണ്ണി
മെമ്പർ വാർഡ് 8



എൽദോസ്
മെമ്പർ വാർഡ് 9



കെ.റ്റി. വർഗ്ഗീസ്
മെമ്പർ വാർഡ് 10



നിർമ്മല മോഹനൻ
മെമ്പർ വാർഡ് 11



ഡെയ്സി സൈമൺ
മെമ്പർ വാർഡ് 12



നോബർട്ട് ജോസഫ്
മെമ്പർ വാർഡ് 13

# ആമുഖ പ്രസംഗം

ഗുണപരമായ മാറ്റം അനുഭവവേദ്യമാകുന്നു എന്ന ബോദ്ധ്യപ്പെടൽ പൊതുജനങ്ങൾക്കുണ്ടാകുമ്പോഴാണ് ഏതൊരു പ്രാദേശിക സർക്കാരും വിജയിച്ചു എന്ന് വിലയിരുത്തപ്പെടുന്നത്. സാമൂഹ്യ വ്യവസ്ഥയിലും ജീവിത സാഹചര്യങ്ങളിലും മാറ്റമുണ്ടാക്കാൻ കഴിയുകയാണെങ്കിൽ മാത്രമേ നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ പ്രഖ്യാപനങ്ങൾക്ക് പ്രസക്തിയുണ്ടാകുകയുള്ളൂ. അത്തരമൊരു കാഴ്ചപ്പാടിലൂന്നിയുള്ള വികസന സങ്കൽപമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ട് വെയ്ക്കാനുള്ളത്.

പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗമോ മേഖലകളോ ഉണ്ടാകാത്ത വിധത്തിൽ ഒരു വികസന സമവാക്യം ആവശ്യമാണ് പക്ഷേ എല്ലാ മേഖലകളേയും തൃപ്തിപ്പെടുത്തിയുള്ള ഒരു പ്രവർത്തന പട്ടിക തയ്യാറാക്കൽ അസാദ്ധ്യവുമാണ്. നിലവിലുള്ള വിഭവ സ്രോതസ്സിൻറെ പരിമിതിയിൽ നിന്നുകൊണ്ടുള്ള വികസന ചട്ടക്കൂട് തയ്യാറാക്കുക എന്നത് മാത്രമാണ് സാദ്ധ്യമാകുന്നത്. ആ നിലയിൽ പരിഗണന അനിവാര്യമാണ് എന്ന് വ്യക്തമാകുന്ന മേഖലകൾ കണ്ടെത്തി വികസനത്തിൻറെ തണലേകുക എന്ന കാഴ്ചപ്പാടാണ് ഗ്രാമപഞ്ചായത്ത് വികസന പദ്ധതികളിലൂടെ മുന്നോട്ട് വെയ്ക്കുന്നത്.

സേനാപതി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചെടുത്തോളം 2026-27 വളരെയേറെ പ്രധാനപ്പെട്ടതാണ്. കുറേയേറെ നല്ല ആശയങ്ങൾ, വികസന സങ്കൽപങ്ങൾ എന്നിവ യഥാർത്ഥ്യ ബോധത്തിൽ നിന്നുകൊണ്ടും അപ്രായോഗികത ഒഴിവാക്കിക്കൊണ്ടും 2026-27 വാർഷിക ബജറ്റിൻറെ ഭാഗമായി അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യവും, സമയക്രമവും അതിനായി ആവശ്യമാണ്. അതോടൊപ്പം നമ്മുടെ അശ്രാന്ത പരിശ്രമവും കൂടിച്ചേരുമ്പോൾ വിജയം സുനിശ്ചിതമായി കടന്നുവരും. അതിനായുള്ള ലക്ഷ്യവും കാഴ്ചപ്പാടും വ്യക്തമാക്കുകയാണ് ബജറ്റ്.

ഏതൊരാളുടേയും സാമാന്യ സങ്കൽപങ്ങളിലേർപ്പെടുന്നതാണ് തലചായ്ക്കാൻ ഒരു വീട്. ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ നിരവധിപേർ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി വന്നിട്ടുണ്ട്. സർക്കാർ സംവിധാനങ്ങളിലൂടെയും പരമ്പരാഗത വിഭവ സമാഹരണത്തിലൂടെയും പരമാവധി ഗുണഭോക്താക്കൾക്ക് എത്രയും വേഗത്തിൽ സഹായം ലഭിക്കുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. വ്യക്തി എന്ന നിലയിലും സാമൂഹ്യ ജീവി എന്ന നിലയിലും നമ്മുടെ പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്ക് പ്രയോജനകരമാംവിധം ഇതിലും നല്ലതായി കൈമാറുക എന്നത് നാം ഓരോരുത്തരുടേയും കടമയാണ്. ഇത്തവണത്തെ ബഡ്ജറ്റ് പാർപ്പിടമേഖലയ്ക്ക് പ്രാമുഖ്യം നൽകുന്നു. ആകെ ബഡ്ജറ്റ് വിഹിതത്തിൻറെ 50 ശതമാനത്തോളം ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.


കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 165-ാം വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ 27 അനിവാര്യചുമതലകളും അതോടൊപ്പം പൊതു ചുമതലകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുണ്ട്. ഇത്രയും വിപുലമായ ചുമതലകൾ നൽകുമ്പോഴും പതിറ്റാണ്ടുകളേറെയായ അധികാര വികേന്ദ്രീകരണത്തിലെ സാമ്പത്തിക പരാധീനത മുഖ്യ വിഷയമായി ചർച്ച ചെയ്യപ്പെടുകയാണ്.

ലഭ്യമാകുന്ന സാമ്പത്തിക വിഭവങ്ങളുടെ നൂറ് ശതമാനം ഉപയുക്തത നമ്മൾ ലക്ഷ്യമിടുന്നു എന്നാൽ അതിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഒന്നും തന്നെ സാമാന്യവൽക്കരിക്കാനോ ലളിതവൽക്കരിക്കാനോ നാം ശ്രമം നടത്തുന്നില്ല, ചുരുക്കത്തിൽ എങ്ങനെയെങ്കിലും 100 ശതമാനം പദ്ധതി പൂർത്തീകരിക്കുക എന്നതല്ല, കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ നിലവാരത്തിൽ 100 ശതമാനം പുരോഗതി ആർജ്ജിക്കുക എന്നതാണ് നമ്മൾ മുന്നോട്ട് വെയ്ക്കുന്ന വികസന നയം.

നമുക്കെല്ലാം അറിവുള്ളത് പോലെ തന്നെ വികസനഫണ്ട് തന്നെയാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ് അതോടൊപ്പം നാമമാത്രമായ നമ്മുടെ തനത് വരുമാനവും. കാലാകാലങ്ങളായി സർക്കാർ ഉത്തരവുകളിലൂടെ രൂപപ്പെട്ട ചട്ടക്കൂടിനകത്ത് നിന്നു മാത്രമേ നമ്മുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആ നിലയിൽ അതത് മേഖലകളിൽ ഫണ്ട് മാറ്റി വെച്ചുകൊണ്ടും യാതൊരു രീതിയിലും വകമാറ്റപ്പെടാതെയും കുട്ടികൾ, വനിതകൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉൾപ്പെടയുള്ള എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട മുൻഗണന ഗ്രാമപഞ്ചായത്ത് നൽകുന്നതാണ്. ഫണ്ടിൻറെ അപര്യാപ്തത കൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ അതിൻറെ പൂർണ്ണ അർത്ഥത്തിൽ പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. ലഭ്യമായ ധനസ്രോതസ്സുകളെക്കുറിച്ച് ബജറ്റ് അവതരണത്തിൽ പ്രതിപാദിക്കുന്നതാണ്. സർക്കാരിൻറെ വിവിധ മിഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുക നീക്കി വെയ്ക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് പ്രകാരം തുക മാറ്റി വെയ്ക്കുമ്പോൾ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യതക്കുറവ് വരുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

ബജറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും എല്ലാ ജനവിഭാഗം ആളുകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,



സേനാപതി — ശ്രീ. അരുൺ അശോകൻ

07/03/2026 — പ്രസിഡൻറ്, സേനാപതി ഗ്രാമപഞ്ചായത്ത്

# ബജറ്റ് അവതരണം

## ശ്രീമതി. അനിത ഷാജി

## (വൈസ് പ്രസിഡൻറ് & ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

സേനാപതി ഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ്, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ഉം 2008-ലെ കേരളാ പഞ്ചായത്ത് രാജ് ബജറ്റ് നിർമ്മാണ ചട്ടങ്ങളും ഉപചട്ടങ്ങളും പ്രകാരം ഈ കമ്മിറ്റി മുൻപാകെ ഞാൻ അവതരിപ്പിക്കുകയാണ്. നാം പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ അവസാന വർഷത്തിലെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ അന്തിമമായി പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട പദ്ധതികളെക്കുറിച്ചും നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളേക്കുറിച്ചും ദീർഘവീക്ഷണം നടത്തി ഉറച്ച കാൽവെയ്പുകളോടെ മുന്നോട്ട് പോകേണ്ട അന്തരീക്ഷം സംജാതമായിരിക്കുന്നു. എല്ലാ മേഖലയിലും തുക വകയിരുത്തുവാനും മുൻ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകാൻ ഭരണ സമിതിക്ക് സാധിക്കുന്ന തരത്തിൽ ഈ ബജറ്റിൽ നീതി പുലർത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

ഈ ഭരണസമിതി നിലവിൽ വന്നതിനുശേഷമുള്ള ആദ്യ ബഡ്ജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. മുൻവർഷങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായ മഹദ്വ്യക്തികളെ നന്ദിയോടെ സ്മരിക്കുന്നു. അവർ വെട്ടിത്തെളിച്ച വഴികളിലൂടെ സഞ്ചരിക്കുവാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നു.

സേനാപതി ഗ്രാമപഞ്ചായത്തിൻറെ 2026-27 വാർഷിക ബഡ്ജറ്റ് ഏറെ ശ്രദ്ധയോടെയാണ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയ ഭരണസമിതി അംഗങ്ങൾക്കും വിവിധ വിഷയ വിദഗ്ധർക്കും സ്ഥാപനമേധാവികൾക്കും ജീവനക്കാർക്കും വിശിഷ്യ ധനകാര്യ സ്ഥിരം സമിതിയിലെ ഏറെ പ്രിയപ്പെട്ട അംഗങ്ങൾക്കും ഈ അവസരത്തിൽ ഹൃദയത്തിൻറെ ഭാഷയിൽ നന്ദി അറിയിക്കട്ടെ. 2026-27 ബജറ്റിൻറെ നയസമീപനവും പ്രധാന പദ്ധതികളും ഞാൻ നിങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുകയാണ്. കുന്നോളം ആവശ്യങ്ങളും കുന്നിക്കുരുവോളം വിഭവങ്ങളും

ഉള്ള സാഹചര്യത്തിൽ നിന്നാണ് ബജറ്റ് തയ്യാറാക്കിയതെങ്കിലും എല്ലാ മേഖലകൾക്കും ലഭ്യമായ തുക വകയിരുത്തി സന്തുലിതമായ ബജറ്റാക്കാൻ ശ്രമിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിൻറെ ഏറ്റവും പ്രധാനപ്പെട്ട നൂതന വികസന ഇടപെടൽ ശുചിത്വം, ജലം, കൃഷി എന്നിവയെ ആസ്പദമാക്കി ഹരിതകേരള മിഷനും ആരോഗ്യ മേഖലയിൽ ആർദ്രം മിഷനും വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും പാർപ്പിടത്തിന് ലൈഫ് മിഷനും ഉൾപ്പെടുന്നതാണ്. ഈ പദ്ധതികളെ ജനകീയാസൂത്രണവുമായി സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ആസൂത്രണമാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൻറെ ചുവട് പിടിച്ചുകൊണ്ടാണ് സേനാപതി ഗ്രാമപഞ്ചായത്തിൻറെ 2026-27 ലെ ബജറ്റ് ഈ സഭയ്ക്ക് മുൻപാകെ ഞാൻ അവതരിപ്പിക്കുന്നത്.

സേനാപതിയിൽ വിഭവ സമാഹരണത്തിൻറെ അപര്യാപ്തത ഇപ്പോഴും നിലനിൽക്കുന്നു. തനത് ഫണ്ടിൻറെ വരുമാനം കാര്യമായ രീതിയിൽ വർദ്ധിക്കാറില്ല, പ്രകൃതി വിഭവ സ്രോതസ്സുകൾ തുലോം പരിമിതമായ ഗ്രാമപഞ്ചായത്താണ് നമ്മുടേത്. സാമ്പത്തിക വരുമാന സ്രോതസ്സായ വ്യവസായങ്ങൾ, സർക്കാർ-സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ വ്യവസായങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിൽ വളരെ കുറവാണ്. ഈ പദ്ധതി കാലയളവിൽ തനതു വരുമാന മാർഗ്ഗങ്ങളായ കെട്ടിടനികുതി, തൊഴിൽനികുതി, മറ്റ് ധനാഗമ മാർഗ്ഗങ്ങളും പരമാവധി സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായിരിക്കും.

നമ്മുടെ ഗ്രാമപഞ്ചായത്തിൻറെ പ്രധാന തനത് വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനത്തിൽ ലഭിക്കുന്നതാണ്. ആകെ റവന്യൂ നികുതി വരവായി 6900000/- രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. നികുതിയേതര വരുമാന ഇനത്തിൽ 3245000/-രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജനറൽ പർപ്പസ് ഫണ്ടായി 10388000/- രൂപയും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി ചെലവുകൾക്കായി ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നീ ഇനത്തിൽ 2273500/- രൂപ സംസ്ഥാന ബജറ്റിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് നീക്കി വെച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കായി 45000000/-രൂപ വരവിനത്തിൽ ഉണ്ടാവുമെന്നും പ്രതീക്ഷിക്കുന്നു. സംയുക്ത പ്രോജക്ടുകൾക്കായി 13800000/- രൂപ ജില്ലാ/ ബ്ലോക്ക്

പഞ്ചായത്തിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മെയിൻറനൻസ് ഗ്രാൻറ് റോഡ് ഇനത്തിൽ 18479000/- രൂപയും റോഡിതര ഇനത്തിൽ 4350000/- രൂപയും വരവിനത്തിൽ 2026-27 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാം.

ആകെ പദ്ധതി - പദ്ധതിയേതര, റവന്യൂ ഗ്രാൻറ്, മൂലധന, മുൻബാക്കി ഇനത്തിൽ 214804500/- രൂപ വരവായി ഗ്രാമപഞ്ചായത്തിന് ലഭ്യമാകുമെന്ന് ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

ഭരണഘടനാ സ്ഥാപനമായ ഗ്രാമപഞ്ചായത്തിന് അനിവാര്യ ചുമതലകൾക്ക് തുക വകയിരുത്തേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം, യാത്രാ ആനുകൂല്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവ ഉൾപ്പെടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കായി 16875000/- രൂപ നീക്കി വെച്ചിട്ടുണ്ട്. ഓഫീസ് ചെലവുകൾ, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഭരണ ചെലവുകൾ, അച്ചടി, പരസ്യം, ഓഫീസ് ഭരണച്ചെലവുകൾ, അടിയന്തിര ചെലവുകൾ, പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടേയും ഹൈമാസ്റ്റ് ലൈറ്റുകളുടേയും വൈദ്യുതചാർജ്ജ്, ബാങ്ക് ചാർജ്ജ് ഇനത്തിൽ 2244000/- രൂപയും നീക്കി വെച്ചിട്ടുണ്ട്.

നമ്മുടെ നാടിൻറെ ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കാണ് എന്നും നമ്മൾ മുൻകൈ എടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിൻറെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന ലൈഫ് പദ്ധതി, പി.എം.എ.വൈ എന്നീ ഇനത്തിൽ 552000000/- രൂപ പാർപ്പിട മേഖലയ്ക്കായി വകയിരുത്തുന്നു. നമ്മുടെ ബഡ്ജറ്റിൻറെ 50 ശതമാനത്തോളം തുക ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ഭവനനിർമ്മാണ പദ്ധതികൾക്കായിട്ടാണ് മാറ്റി വച്ചിട്ടുള്ളത്.

സ്ത്രീകൾ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് വന്നെങ്കിലും ഇന്നും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് യാതൊരു കുറവും ഉണ്ടായിട്ടില്ലെന്ന സത്യം നമുക്ക് അറിവുള്ളതാണെല്ലോ. ഇടിമിന്നലിൻറെ വേരു തിന്ന് പ്രളയത്തോളം മഴ കുടിച്ച് കരുത്ത് നേടണമെന്നാണ് ഓരോ പെൺകുട്ടിയോടും നമുക്ക് പറയുവാനുള്ളത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി നിർഭയ പോലുള്ള മാതൃകാ പദ്ധതികൾ നമുക്ക് ഏറ്റെടുക്കേണ്ടതുണ്ട്. വനിതാ ഘടകപദ്ധതിയിൽ 1950000/- രൂപ വകയിരുത്തുന്നു.

അംഗൻവാടികളുടെ വികസനത്തിനും പ്രവർത്തനങ്ങൾക്കും ശിശുക്ഷേമപരിപാടികളുടെ ഭാഗമായി അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കുമായി 1800000/- രൂപ വകയിരുത്തുന്നു.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് ഇനത്തിൽ 600000/- രൂപയും ബജറ്റിൽ തുക വകയിരുത്തുന്നു.

ആരോഗ്യമേഖലയ്ക്ക് 3035000/-രൂപയും ക്ഷീരവികസന മേഖലയ്ക്ക് 2500000/- രൂപയും കാർഷിക മേഖലയ്ക്ക് 8355000/-രൂപയും ഗതാഗതം, റോഡ് മേഖലയ്ക്ക് 15300000/-രൂപയും അതിദരിദ്രവിഭാഗത്തിന് 130000/-രൂപയും മാലിന്യപരിപാലനത്തിന് 1040000/-രൂപയും മൃഗസംരക്ഷണമേഖലയ്ക്ക് 475000/- രൂപയും സാമൂഹ്യക്ഷേമം സാമൂഹ്യ സുരക്ഷിതത്വ മേഖലയ്ക്ക് 1840000/-രൂപയും തൊഴിലുറപ്പ് പദ്ധതിയ്ക്ക് 45000000/-രൂപയും പുതുതായി ബഹു. സർക്കാർ പ്രഖ്യാപിച്ച സ്ത്രീ സുരക്ഷാ പദ്ധതി ഉൾപ്പെടെ സാമൂഹ്യസുരക്ഷ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് 45737500/-രൂപയും ബജറ്റിൽ വകയിരുത്തുന്നു.

ഇനിയുള്ള പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിൻബലം നൽകുന്നതിനായി സേനാപതി ഗ്രാമപഞ്ചായത്തിൻറെ 215810340/- രൂപ വരവും, 214441250/- രൂപ ചെലവും 1369090/- രൂപ നീക്കിയിരിപ്പുമുള്ള 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകാരത്തിനായി പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു.

സേനാപതി
07/03/2026

ശ്രീമതി. അനിത ഷാജി
വൈസ് പ്രസിഡന്റ്
സേനാപതി ഗ്രാമപഞ്ചായത്ത്

# സേനാപതി ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ് 2026–27

| Report: Form 1 | | | |
|---|---|---|---|
| From Date: 2026-2027 NEW BUDGET ml | | | |
| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
| | ഓപ്പണിങ് ബാലൻസ് | **13724681** | **1005840** |
| | **വരുമാന രസീത് – 1** | | |
| | **നികുതി വരുമാനം – 110** | | |
| 1 | 1100101 വസ്തു നികുതി | 1000 | 0 |
| 2 | 1100107 പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉള്ള വസ്തുനികുതി | 3568374 | 3600000 |
| 3 | 1100108 പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉള്ള വസ്തുനികുതി | 1804237 | 2200000 |
| 4 | 1101001 തൊഴിൽ നികുതി – ജീവനക്കാർ | 650000 | 800000 |
| 5 | 1101002 തൊഴിൽ നികുതി – വ്യാപാരികൾ/ സ്ഥാപനങ്ങൾ | 200000 | 300000 |
| | **ആകെ നികുതി വരുമാനം** | **6223611** | **6900000** |
| | **ഫീസും ഉപയോക്തൃ നിരക്കുകളും – 140** | | |
| 6 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 590000 | 700000 |
| 7 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 1000 | 20000 |
| 8 | 1401199 മറ്റ് ലൈസൻസ് ഫീസുകൾ | 0 | 25000 |
| 9 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 600000 | 900000 |
| 10 | 1401202 യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ് | 0 | 50000 |
| 11 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 30000 | 40000 |

| | | | |
|---|---|---|---|
| 12 | 1401301 ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | 14000 | 15000 |
| 13 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 1200 | 5000 |
| 14 | 1401303 വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് | 0 | 2000 |
| 15 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 5000 | 10000 |
| 16 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 500 | 1000 |
| 17 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 2000 | 1000 |
| 18 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 3000 | 10000 |
| 19 | 1401401 വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 0 | 1000 |
| 20 | 1401701 ക്രമവൽക്കരണ ഫീസ് | 250000 | 400000 |
| 21 | 1401801 അപേക്ഷാ ഫീസ് | 1000 | 4000 |
| 22 | 1402001 പിഴപ്പലിശ | 15000 | 50000 |
| 23 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 20000 | 30000 |
| 24 | 1402004 കോമ്പൗണ്ടിംഗ് ഫീ | 10000 | 20000 |
| 25 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 100000 | 150000 |
| 26 | 1404002 നോട്ടീസ് ഫീസ് | 20000 | 20000 |
| 27 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 20000 | 50000 |
| 28 | 1404005 ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ് | 0 | 10000 |
| 29 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 1000 | 20000 |
| 30 | 1404009 തിരച്ചിൽ ഫീസ് | 500 | 5000 |
| 31 | 1404011 ലേറ്റ് ഫീ | 6000 | 1000 |
| 32 | 1404099 മറ്റ് ഫീസുകൾ | 350000 | 300000 |
| 33 | 1407001 റോഡ് മുറിക്കുന്നതിനുള്ള ചാർജ്ജുകൾ | 0 | 50000 |

| | | | |
|---|---|---|---|
| 34 | 1408001 മറ്റ് ചാർജ്ജുകൾ | 75000 | 100000 |
| | **ആകെ ഫീസും ഉപയോക്തൃ നിരക്കുകളും** | **2115200** | **2990000** |
| | **വിൽപ്പന, വാടക നിരക്കുകൾ – 150** | | |
| 35 | 1501099 മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 0 | 5000 |
| 36 | 1501101 ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 10000 | 20000 |
| 37 | 1501102 ടെൻറർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 0 | 20000 |
| 38 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 50000 | 50000 |
| 39 | 1501203 കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | 110000 | 150000 |
| 40 | 1503001 പലവക വിൽപ്പനകളിൽ നിന്നുള്ള വരവ് | 0 | 10000 |
| | **ആകെ വിൽപ്പന, വാടക നിരക്കുകൾ** | **170000** | **255000** |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ – 160** | | |
| 41 | 1601010 – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 2842400 | 2842400 |
| 42 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വിധവപെൻഷൻ | 10772000 | 10772000 |
| 43 | 1601013 – 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 404200 | 404200 |
| 44 | 1601014 – ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3013600 | 3013600 |
| 45 | 1601016 – വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 100000 |
| 46 | 1601018 – വാർദ്ധക്യകാല പെൻഷൻ | 23805300 | 23805300 |
| 47 | 1601023 ജനറൽ പർപ്പസ് ഫണ്ട് | 8753000 | 10388000 |

| | | | |
|---|---|---|---|
| 48 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – സ്ത്രീസുരക്ഷാ പദ്ധതി | 0 | 4800000 |
| | **ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | **49590500** | **56125500** |
| | **പലിശ വരുമാനം – 171** | | |
| 49 | 1711001 ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 200000 | 300000 |
| | **ആകെ പലിശ വരുമാനം** | **200000** | **300000** |
| | **വാടക വരുമാനം – എൽബി പ്രോപ്പർട്ടീസ് – 130** | | |
| 50 | 1301001 ടൗൺഹാളിൽ നിന്നുള്ള വാടക | 30000 | 0 |
| 51 | 1301009 ഹാളുകളിൽ നിന്നും ആഡിറ്റോറിയങ്ങളിൽ നിന്നുമുള്ള വാടക | 7000 | 37000 |
| | **ആകെ വാടക വരുമാനം** | **37000** | **37000** |
| | **ആകെ വരുമാന രസീത്** | **58336311** | **66607500** |
| | **മൂലധന രസീത് – 2** | | |
| | **ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ – 320** | | |
| 52 | 3201002 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാൻറുകൾ – പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് പരിശോധനകൾക്കുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള ആരോഗ്യ ഗ്രാൻറ് | 192000 | 0 |
| 53 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാൻറ് – ഉപാധിയോടുകൂടിയത് | 1331500 | 0 |
| 54 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാൻറ് – ഉപാധിരഹിതം | 887500 | 0 |
| 55 | 3201020 സംയോജിത ശിശു വികസന പദ്ധതി | 700000 | 1000000 |
| 56 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 33500000 | 45000000 |

| | | | |
|---|---|---|---|
| 57 | 3202001 വികസനഫണ്ട് – ജനറൽ | 11838032 | 18991000 |
| 58 | 3202002 വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതി | 4117968 | 3477000 |
| 59 | 3202003 വികസനഫണ്ട് – പട്ടികവർഗ്ഗ ഉപ പദ്ധതി | 236000 | 267000 |
| 60 | 3202009 മെയിൻറനൻസ് ഫണ്ട് – റോഡ് | 17506135 | 18479000 |
| 61 | 3202010 മെയിൻറനൻസ് ഫണ്ട് – റോഡിതരം | 4668319 | 4350000 |
| 62 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറുകളും ഫണ്ടുകളും വിഹിതങ്ങളും– സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ – ലൈഫ് മിഷൻ | 5044000 | 11200000 |
| 63 | 3208010 ഗുണഭോക്തൃ വിഹിതം | 0 | 745000 |
| 64 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ജില്ലാപഞ്ചായത്തിൽ നിന്ന് | 6825093 | 12070000 |
| 65 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 1030000 | 1730000 |
| | **ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ** | **87876547** | **117309000** |
| | **സുരക്ഷിത വായ്പകൾ – 330** | | |
| 66 | 3305003 കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | 0 | 30000000 |
| | **ആകെ സുരക്ഷിത വായ്പകൾ** | **0** | **30000000** |
| | **ലഭിച്ച നിക്ഷേപങ്ങൾ – 340** | | |
| 67 | 3401001 നിരതദ്രവ്യം | 5000 | 25000 |
| 68 | 3402001 വാടക നിക്ഷേപം | 10000 | 10000 |
| 69 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 93000 | 0 |
| | **ആകെ ലഭിച്ച നിക്ഷേപങ്ങൾ** | **108000** | **35000** |
| | **മറ്റ് ബാധ്യതകൾ – 350** | | |
| 70 | 3502018 വസൂലാക്കിയത് ഒടുക്കാനുള്ളവ – ആഡിറ്റ് റിക്കവറി | 3000 | 3000 |

| | | | |
|---|---|---|---|
| 71 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക - സിജിഎസ് റ്റി | 10000 | 0 |
| 72 | 3503009 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക - എസ് ജിഎസ് റ്റി | 10000 | 0 |
| | **ആകെ മറ്റ് ബാധ്യതകൾ** | **23000** | **3000** |
| | റിഡെംപ്ഷൻ - 431 | | |
| 73 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട് ) | 4040578 | 0 |
| | **ആകെ റിഡെംപ്ഷൻ** | **4040578** | **0** |
| | **വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460** | | |
| 74 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 25000 | 200000 |
| 75 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 0 | 50000 |
| 76 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 0 | 600000 |
| | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | **25000** | **850000** |
| | **ആകെ മൂലധന രസീത്** | **92073125** | **148197000** |
| | **റവന്യൂ ചെലവ് - 3** | | |
| | **സ്ഥാപന ചെലവുകൾ - 210** | | |
| 77 | 2101001 ശമ്പളം - സെക്രട്ടറി | 1800000 | 1400000 |
| 78 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാർ | 7200000 | 9500000 |
| 79 | 2101004 ശമ്പളം - കരാർ ജീവനക്കാർ | 450000 | 600000 |
| 80 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ | 208000 | 260000 |
| 81 | 2101101 വേതനം | 700000 | 700000 |

| | | | |
|---|---|---|---|
| 82 | 2101201 ബോണസ് | 100000 | 100000 |
| 83 | 2102001 യാത്രാബത്തകൾ – സെക്രട്ടറി | 25000 | 50000 |
| 84 | 2102003 യാത്രാബത്തകൾ – സ്ഥിരജീവനക്കാർ | 125000 | 150000 |
| 85 | 2102006 മറ്റ് ബത്തകൾ – സെക്രട്ടറി | 50000 | 50000 |
| 86 | 2102008 മറ്റ് ബത്തകൾ – സ്ഥിരജീവനക്കാർ | 30000 | 30000 |
| 87 | 2102014 മാനവേതനവും ഹാജർ ബത്തയും – കൗൺസിലർമാർ/ അംഗങ്ങൾ | 1550000 | 2200000 |
| 88 | 2102017 ഉത്സവബത്ത | 70000 | 100000 |
| 89 | 2102018 കണ്ണട അലവൻസ് | 0 | 5000 |
| 90 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 55000 | 150000 |
| 91 | 2103001 പെൻഷൻ ഫണ്ടിലേക്ക് എംപ്ലോയറുടെ വിഹിതം – റെഗുലർ ജീവനക്കാർ | 250000 | 400000 |
| 92 | 2103002 പെൻഷൻ ഫണ്ടിലേക്ക് എംപ്ലോയറുടെ വിഹിതം – കണ്ടീജൻറ് ജീവനക്കാർ | 28000 | 30000 |
| 93 | 2103003 ഇപിഎഫ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം – കരാർ ജീവനക്കാർ | 200000 | 200000 |
| 94 | 2103006 എൻപിഎസ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം – റെഗുലർ ജീവനക്കാർ | 0 | 150000 |
| 95 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 382670 | 800000 |
| | **ആകെ സ്ഥാപന ചെലവുകൾ** | **13223670** | **16875000** |
| | **ഭരണപരമായ ചെലവുകൾ – 220** | | |
| 96 | 2201001 കെട്ടിടങ്ങളുടെ വാടക | 2000 | 2000 |
| 97 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 75000 | 150000 |
| 98 | 2201102 വെള്ളത്തിൻറെ ചാർജ്ജുകൾ | 0 | 6000 |

| | | | |
|---|---|---|---|
| 99 | 2201105 വെള്ളക്കരം – തദ്ദേശസ്ഥാപന കെട്ടിടങ്ങൾ | 6000 | 0 |
| 100 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 35000 | 50000 |
| 101 | 2201201 ടെലഫോൺ ചെലവുകൾ/ ഇൻറർനെറ്റ് ചാർജ്ജുകൾ | 50000 | 75000 |
| 102 | 2201202 തപാൽ ചെലവുകൾ | 0 | 15000 |
| 103 | 2201301 വൈദ്യുതി ചെലവുകൾ – ഘടകസ്ഥാപനങ്ങൾ | 0 | 15000 |
| 104 | 2201302 വെള്ളത്തിൻറെ ചെലവുകൾ – ഘടകസ്ഥാപനങ്ങൾ | 0 | 6000 |
| 105 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 7000 | 15000 |
| 106 | 2202101 അച്ചടിയും സ്റ്റേഷനറികളും | 180000 | 250000 |
| 107 | 2204001 ഇൻഷ്വറൻസ് | 35000 | 0 |
| 108 | 2204002 ഇൻഷ്വറൻസ് – വാഹനങ്ങൾ | 0 | 50000 |
| 109 | 2205101 പലവക നിയമപരമായ ചെലവുകൾ | 120000 | 120000 |
| 110 | 2205201 വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 15000 | 15000 |
| 111 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 25000 | 75000 |
| 112 | 2206099 മറ്റ് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമുള്ള ചാർജ്ജുകൾ | 100000 | 75000 |
| 113 | 2206101 അംഗത്വവും വരിസംഖ്യയും | 10000 | 20000 |
| 114 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 300000 | 200000 |
| | **ആകെ ഭരണപരമായ ചെലവുകൾ** | **960000** | **1139000** |
| | **പ്രവർത്തനവും പരിപാലനവും – 230** | | |
| 115 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | 300000 | 350000 |
| 116 | 2301002 ഇന്ധനചെലവുകൾ | 265000 | 250000 |
| 117 | 2304001 വാഹനങ്ങളുടെ വാടക | 50000 | 50000 |
| 118 | 2305003 സംരക്ഷണവും പരിപാലനവും – വെള്ളത്തിൻറെ വിതരണം | 0 | 25000 |

| | | | |
|---|---|---|---|
| 119 | 2305301 സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 60000 | 100000 |
| 120 | 2305902 സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 0 | 25000 |
| 121 | 2308005 നികുതി പിരിവുമായി ബന്ധപ്പെട്ട ചെലവുകൾ | 0 | 30000 |
| 122 | 2308010 അസാധാരണ ചെലവുകൾ | 50000 | 100000 |
| 123 | 2308201 ലഘുഭക്ഷണ ചെലവുകൾ | 140000 | 175000 |
| | **ആകെ പ്രവർത്തനവും പരിപാലനവും** | **865000** | **1105000** |
| | **പലിശയും ധനകാര്യ നിരക്കുകളും - 240** | | |
| 124 | 2406002 പാട്ടത്തിന്മേലുള്ള പലിശ | 250000 | 0 |
| | **ആകെ പലിശയും ധനകാര്യ നിരക്കുകളും** | **250000** | **0** |
| | **പ്രോഗ്രാം ചെലവുകൾ - 250** | | |
| 125 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 323237 | 500000 |
| | **ആകെ പ്രോഗ്രാം ചെലവുകൾ** | **323237** | **500000** |
| | **ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251** | | |
| 126 | 2510112 കൃഷി - കുരുമുളക് | 2456320 | 0 |
| 127 | 2510205 മൃഗസംരക്ഷണം - കോഴി വളർത്തൽ | 325000 | 0 |
| 128 | 2510209 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 349050 | 0 |
| 129 | 2510210 മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 500000 | 0 |
| 130 | 2510301 ക്ഷീരവികസനം - തീറ്റപ്പുല്ല് | 100000 | 0 |
| 131 | 2510305 ക്ഷീരവികസനം - പാൽ ഇൻസെൻറീവ് | 2500000 | 0 |
| 132 | 2510804 പരിസ്ഥിതി സംരക്ഷണം | 50000 | 0 |
| 133 | 2511301 സ്വയംതൊഴിലും വിപണന പ്രോത്സാഹനവും | 1400000 | 0 |

| | | | |
|---|---|---|---|
| | **ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | **7680370** | **0** |
| | **സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 252** | | |
| 134 | 2520101 പ്രീപ്രൈമറി വിദ്യഭ്യാസം | 250000 | 0 |
| 135 | 2520107 വിദ്യാഭ്യാസം – അനുബന്ധ പ്രവർത്തനങ്ങൾ | 650000 | 0 |
| 136 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | 400000 | 0 |
| 137 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം – പ്രമോഷൻ | 95219 | 0 |
| 138 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | 976920 | 0 |
| 139 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ – അലോപ്പതി | 1875160 | 0 |
| 140 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ – ആയുർവേദം | 390400 | 0 |
| 141 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ – ഹോമിയോ | 100000 | 0 |
| 142 | 2520702 കുടിവെള്ളം – പൊതു | 1380000 | 0 |
| 143 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും – വ്യക്തിഗതം | 21109225 | 0 |
| 144 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | 50000 | 0 |
| 145 | 2520903 സ്ത്രീകളുടെ ക്ഷേമം | 10000 | 0 |
| 146 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | 277570 | 0 |
| 147 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | 600000 | 0 |
| 148 | 2520908 സാമൂഹ്യ സുരക്ഷാ പരിപാടികൾ | 61000 | 0 |
| 149 | 2521001 അംഗൻവാടി പോഷകാഹാരം | 2075000 | 0 |

| | | | |
|---|---|---|---|
| 150 | 2521203 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ – അനുബന്ധ പ്രവർത്തനങ്ങൾ | 100000 | 0 |
| 151 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 932343 | 0 |
| 152 | 2521602 ഐകെഎമ്മിനുള്ള പേയ്മെൻറുകൾ | 164336 | 0 |
| 153 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 510000 | 0 |
| 154 | 2521803 ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) വേതനം നൽകുന്നതിനുള്ള വിഹിതം | 33500000 | 45000000 |
| 155 | 2521904 ശൗചാലയം (വ്യക്തിഗതം) | 879080 | 0 |
| 156 | 2521905 ശൗചാലയം (സ്ഥാപനതലം ) | 250000 | 0 |
| 157 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | 16000 | 0 |
| 158 | 2522201 ദുരന്തനിവാരണം – അനുബന്ധ സേവനങ്ങൾ | 100000 | 0 |
| 159 | 2522305 ഖരമാലിന്യ പരിപാലനം – ശേഖരണവും പരിവഹണവും | 2578313 | 0 |
| 160 | 2522310 ഖരമാലിന്യ പരിപാലനം – ഒഴിവാക്കൽ | 486336 | 0 |
| 161 | 2522311 ഖരമാലിന്യ പരിപാലനം – സംയോജിത പദ്ധതികൾ | 220490 | 0 |
| 162 | 2522314 ഖരമാലിന്യ പരിപാലനം – പ്രോസസ്സിംഗ് – വ്യക്തിഗതം | 187777 | 0 |
| 163 | 2522317 ദ്രവമാലിന്യ പരിപാലനം – സംയോജിത പദ്ധതികൾ | 100000 | 0 |
| 164 | 2522801 വായ്പ തിരിച്ചടവ് | 500000 | 0 |
| 165 | 2523201 വിവരവിജ്ഞാനവ്യാപനശേഷി വികസനം | 38700 | 0 |

| | | | |
|---|---|---|---|
| | **ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | **70863869** | **45000000** |
| | **അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 253** | | |
| 166 | 2530102 ആഫീസ് വൈദ്യുതീകരണം | 25000 | 0 |
| 167 | 2530204 കല്വങ്കുകൾ | 1413113 | 0 |
| 168 | 2530502 ഹയറിങ് ഓഫ് വെഹിക്കിൾ ഫോർ ഓഫീസ് പർപ്പസ് | 100000 | 0 |
| | **ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | **1538113** | **0** |
| | **സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ – 254** | | |
| 169 | 2540102 ഭിന്നശേഷിക്കാരായ ആൾക്കാർക്കുള്ള വീട്ടുകൾ  നടത്തുന്ന സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഉള്ള സഹായം | 3013600 | 0 |
| 170 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 2842400 | 2842400 |
| 171 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വിധവ പെൻഷൻ | 10772000 | 10772000 |
| 172 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 404200 | 404200 |
| 173 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 0 | 3013600 |

| | | | |
|---|---|---|---|
| 174 | 2540117 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 100000 |
| 175 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വാർദ്ധക്യകാല പെൻഷൻ | 23805300 | 23805300 |
| 176 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – സ്ത്രീസുരക്ഷാ പദ്ധതി | 0 | 4800000 |
| | **ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ** | **40837500** | **45737500** |
| | **മുൻ കാലയളവിലെ ഇനങ്ങൾ – 280** | | |
| 177 | 2808001 മുൻകാല ചെലവുകൾ | 85000 | 0 |
| | **ആകെ മുൻ കാലയളവിലെ ഇനങ്ങൾ** | **85000** | **0** |
| | **ആകെ റവന്യൂ ചെലവ്** | **136626759** | **110356500** |
| | **മൂലധനച്ചെലവ് – 4** | | |
| | **നിക്ഷേപങ്ങളുടെ റീഫണ്ട് – 340** | | |
| 178 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 0 | 93000 |
| 179 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | 25000 | 0 |
| | **ആകെ നിക്ഷേപങ്ങളുടെ റീഫണ്ട്** | **25000** | **93000** |
| | **തിരിച്ചടവുകളുടെ പേയ്മെന്റ് – 350** | | |
| 180 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | 700000 | 0 |
| 181 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | 50000 | 0 |
| 182 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ – പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ് ) | 150000 | 0 |
| | **ആകെ തിരിച്ചടവുകളുടെ പേയ്മെന്റ്** | **900000** | **0** |
| | **സ്ഥിര ആസ്തികൾ – 410** | | |
| 183 | 4101008 പൊതുകിണർ | 575000 | 0 |
| 184 | 4102005 ആശുപത്രി കെട്ടിടങ്ങൾ | 2775000 | 0 |

| | | | |
|---|---|---|---|
| 185 | 4102016 മറ്റ് കെട്ടിടങ്ങൾ | 2054119 | 0 |
| 186 | 4102017 ചുറ്റമതിൽ | 2000000 | 0 |
| 187 | 4103001 കോൺക്രീറ്റ് റോഡുകൾ | 12609255 | 0 |
| 188 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | 1400000 | 0 |
| 189 | 4103012 സൈഡ് വാൾ | 1000000 | 0 |
| 190 | 4103102 ഓടകൾ | 728135 | 0 |
| 191 | 4103204 വിതരണ നിയന്ത്രണ സംവിധാനം – വെള്ളം വിതരണം | 180000 | 0 |
| 192 | 4104001 പ്ലാൻറുകളും യന്ത്രസാമഗ്രികളും | 36500 | 0 |
| 193 | 4106002 കമ്പ്യൂട്ടറുകൾ, പ്രിൻററുകൾ മറ്റ് ഉപകരണങ്ങൾ | 350000 | 0 |
| 194 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 49000 | 0 |
| 195 | 4108001 മറ്റ് സ്ഥിര ആസ്തികൾ | 1174509 | 0 |
| | **ആകെ സ്ഥിര ആസ്തികൾ** | **24931518** | **0** |
| | **വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ – 460** | | |
| 196 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 45000 | 200000 |
| 197 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 0 | 50000 |
| 198 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 600000 | 600000 |
| | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | **645000** | **850000** |
| | **ആകെ മൂലധനച്ചെലവ്** | **26501518** | **943000** |
| | **ആകെ ചെലവ്** | **163128277** | **111299500** |
| | **ആകെ വരവ്** | **150409436** | **214804500** |
| | **ബാലൻസ്** | **1005840** | **104510840** |

| 2026-27 വർഷം പദ്ധതി വകയിരുത്തൽ-മേഖല തിരിച്ചുള്ള തുക | |
|---|---|
| ഉല്പാദനം | 9555000 |
| സേവനം | 71831000 |
| പശ്ചാത്തലം | 21755750 |
| ആകെ | 103141750 |
| നീക്കിബാക്കി | 1369090 |

| ബഡ്ജറ്റ് സംഗ്രഹം | | |
|---|---|---|
| 1 | പ്രാരംഭ ബാക്കി | **1005840** |
| 2 | പ്രതീക്ഷിത വരവ് | **214804500** |
| 3 | ആകെ | **215810340** |
| 4 | പ്രതീക്ഷിത ചെലവ് (പദ്ധതി ഒഴികെ ) | **111299500** |
| 5 | പ്രതീക്ഷിത ചെലവ് (പദ്ധതി ഉൾപ്പടെ ) | **214441250** |
| 6 | പ്രതീക്ഷിത നീക്കിയിരുപ്പ് | **1369090** |